രജിസ്ട്രേഷൻ മാന്വൽ കാലോചിതമായി പരിഷ്കരിക്കുക, രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളിലെ പോരായ്മകൾ. പരിഹരിക്കാനുള്ള ശുപാർശകൾ നൽകുക, എന്നീ ചുമതലകൾ നൽകുകയുണ്ടായി. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ (മോഡണൈസേഷൻ)-നെ ടിയാന്റെ ചുമതലകൾ നിറവേറ്റുന്നതിൽ സഹായിക്കുന്നതിലേക്കായി ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ശ്രീ. എൻ. കെ. ശിവദാസനെ 23-12-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 997/2013/നിവ. പ്രകാരം നിയമിച്ചിട്ടുണ്ട്.

(ബി) രജിസ്ട്രേഷൻ നിയമങ്ങൾ, രജിസ്ട്രേഷൻ മാന്വൽ എന്നിവയിൽ പരിഷ്കരണം ആവശ്യമാണ്.

(സി) ഉണ്ട്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ (മോഡണൈസേഷൻ) ചുമതല ഏൽപ്പിച്ചിട്ടുണ്ട്. 8-6-2012-ലെ (എംഎസ്.) 98/2012/റ്റിഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ ഇൻസ്പെക്ടർ ജനറൽ (മോഡണൈസേഷൻ) എന്ന തസ്തിക സൃഷ്ടിച്ചു. 1-8-2012-ലെ (എംഎസ്.) 138/2012/റ്റിഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ (മോഡണൈസേഷൻ)-ന് നിർവ്വഹിച്ചു നൽകിയ ചുമതലകളിൽ, രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളിലെ പോരായ്മകൾ പരിഹരിക്കാനുള്ള ശുപാർശകൾ നൽകലും ഉൾപ്പെടുന്നു. പ്രസ്തുത ചുമതലകൾ കാലവിളംബം കൂടാതെ നിർവ്വഹിക്കുന്നതിന് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ വേണമെന്നാവശ്യപ്പെട്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

മലയോര ഹൈവേ നിർമ്മാണം

14(*404) ശ്രീ. രാജു എബ്രഹാം :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര ഹൈവേ നിർമ്മാണത്തിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; എത്ര കിലോമീറ്ററാണ് ഇതിന്റെ ദൈർഘ്യമെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനമേഖലയിലൂടെയുള്ള ഈ നിർമ്മാണത്തിന് വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ടോ ; ഉണ്ടെങ്കിൽ ആയത് ലഭിച്ചിട്ടുണ്ടോ ;

(സി) മൂന്നാർ മേഖലയിൽ ഹൈവേ നിർമ്മാണം സംബന്ധിച്ച തർക്കങ്ങൾ ഉടലെടുത്തിട്ടുണ്ടോ ;

(ഡി) ആവുകുടി-പെരുമ്പൻകുത്ത് ഭാഗത്ത് മലയോര ഹൈവേ നിർമ്മാണം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നോ : ഇതനുസരിച്ച് പദ്ധതിക്ക് സർക്കാർ ഭരണാനുമതിയും പ്രത്യേകാനുമതിയും നല്കിയിരുന്നോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്): സർ,

(എ) സംസ്ഥാനത്ത് മലയോര ഹൈവേ നിർമ്മാണത്തിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ ആകെ ദൈർഘ്യം 1160 കി. മീറ്ററാണ്.

(ബി) വനമേഖലയിലൂടെയുള്ള ഈ നിർമ്മാണത്തിന് വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. പ്രസ്തുത അനുമതി ലഭിച്ചിട്ടില്ല.

(സി) മൂന്നാർ ഉൾപ്പെടുന്ന ഇടുക്കി ജില്ലയിൽ ഹൈവേ നിർമ്മാണം സംബന്ധിച്ച തർക്കങ്ങളൊന്നും നിലവിലില്ല. എന്നാൽ എറണാകുളം ജില്ലയിലെ എളംബ്ലാശ്ശേരി-ആവുകുടി മേഖലയിൽ ചില തർക്കങ്ങൾ ഉടലെടുത്തിട്ടുണ്ട്. പ്രസ്തുത മേഖലയിൽ കലുങ്കു നിർമ്മാണവുമായി ബന്ധപ്പെട്ട് വനംവകുപ്പ് തടസ്സമുന്നയിക്കുകയും പണി നിർത്തിവച്ചിരിക്കുകയുമാണ്.

(ഡി) ആവുകുടി-പെരുമ്പൻകുത്ത് ഭാഗത്ത് രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 238/12/പൊ.മ.വ. തീയതി 16-2-2012 പ്രകാരം എളംബ്ലാശ്ശേരി-ആവുകുടി ഭാഗത്തെ പ്രവൃത്തകൾക്ക് 4 കോടി രൂപയുടെയും സർക്കാർ ഉത്തരവ് (സാധാ) നമ്പർ 281/2013/പൊ.മ.വ. തീയതി 23-2-2013 പ്രകാരം 5 കോടി രൂപയുടെയും ഭരണാനുമതിയുടെയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly